സിംപോസിയം

# 2. ശരീഅത്ത് നിയമവും ഇന്ത്യൻ മുസ്ലിംകളും

സി.പി.മുഹമ്മദ് (അഡ്വക്കറ്റ്, മഞ്ചേരി)

**ഹിജ്റ** 3-ാം നൂറ്റാണ്ട് മുതല്ക്കേ മുസ്ലിം ബുദ്ധിജീവികളുടെ ഇടയിൽ വലിയ തോതിൽ വിചാര വിപ്ലവം സൃഷ്ടിച്ച ഒരു വിഷയമാണ് ഇസ്ലാമിക ശരീഅത്ത്. ഇന്ത്യയിൽ ഇന്ന് ഈ വിഷയം അഭ്യസ്ത വിദ്യരും, ആധുനിക ചിന്താഗതിക്കാരുമായ മുസ്ലിംകളുടെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും, മുസ്ലിം ബഹുജനങ്ങളെ കൂടുതൽ ആശയക്കുഴപ്പത്തിലേക്കാണിത് നയിക്കുന്നതെന്ന വസ്തുത നിഷേധിച്ചിട്ടു കാര്യമില്ല. മതപരമായ ഒരു പ്രശ്നമെന്നതിനുപരി, ഈ വിഷയം ഇപ്പോൾ സാമൂഹ്യ സാമുദായിക രംഗങ്ങളിലും, രാഷ്ട്രീയ മണ്ഡലങ്ങളിലും ഒരു പോലെ ചർച്ചക്ക് വിധേയമായിരിക്കയാണ്. "ശരീഅത്ത്" എത്രത്തോളം മുസ്ലിംകളുടെ മതവുമായി ബന്ധപ്പെട്ടിരിക്കുന്നു? അത് പരിവർത്തന വിധേയമാണോ? ഇന്ത്യയിലെ പ്രത്യേക സാഹചര്യത്തിൽ, ശരീഅത്ത് നിയമം എന്നു പറഞ്ഞാൽ എന്താണ്? അത് ഭേദഗതികൾക്ക് വിധേയമാണോ? ആണെങ്കിൽ, ഇന്ത്യയിൽ ഇന്ന് നിലവിലുള്ള " ശരീഅത്ത് നിയമ " ത്തിൽ ഏതെല്ലാം വിഷയങ്ങളിൽ ഏതേത് വിധത്തിലാണ് ഭേദഗതികൾ വേണ്ടത്? ആ ഭേദഗതികൾ പ്രായോഗികമായി, എങ്ങനെ "ഇന്ത്യൻ ശരീഅത്ത് നിയമ"ത്തിൽ കൊണ്ടുവരുവാൻ സാധിക്കും? ഈ ചോദ്യങ്ങളുടെ ഉത്തരം ഇന്ത്യൻ മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെയേറെ പ്രാധാന്യമർഹിക്കുന്നവയാണ്.

## ദീനും ശരീഅത്തും

ശരീഅത്ത് നിയമത്തെപ്പറ്റി പ്രതിപാദിക്കുന്നതിന്നു മുമ്പ്, ദീനും ശരീഅത്തും തമ്മിലുള്ള ബന്ധം വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്.

'ദീൻ ' എന്ന പദത്തിന്ന് പരമാധികാരം, ആധിപത്യം, വിധികർത്തൃത്വം, വിധേയത്വം, അനുസരണം, നിയമം, മാർഗം, മതം, സമ്പ്രദായം, പ്രതിഫലം, വിചാരണ എന്നെല്ലാം അർത്ഥമുണ്ട്. 'ശരീഅത്ത്' എന്ന പദത്തിന് വെള്ള സ്ഥലത്തേക്കുള്ള പാത, മാർഗം എന്നീ അർത്ഥത്തിലും കല്പിക്കപ്പെടുന്നു. സാങ്കേതികമായി 'ദീൻ' എന്നതിന്ന് ദൈവത്തിന്റെ വിധി കർത്തൃത്വത്തിലും അവന്റെ രാജത്വത്തിലും ഉന്നതിയിലും ആധിപത്യത്തിലുമുള്ള വിശ്വാസമെന്ന് സാമാന്യമായി അർത്ഥം കല്പിക്കാം. അതായത് അവനല്ലാതെ രക്ഷിതാവ് ഇല്ലെന്നും അവനോടല്ലാതെ മറ്റാരോടും സഹായത്തിന്നപേക്ഷിക്കയില്ലെന്നും നമ്മുടെ സകലമാന ചെയ്തികൾക്കും ഫ്രതിഫലവും ശിക്ഷയും നൽകുന്നത് അവൻ മാത്രമാണെന്നും അവന് മാത്രമേ വഴങ്ങുവാൻ പാടുള്ളുവെന്നും ദൃഢമായി വിശ്വസിക്കുക. 'ശരീഅത്ത്' എന്നതിന്ന് സാങ്കേതികമായി 'ഇസ്ലാമിന്റെ കാനൻലാ' (Canan law) എന്നും അർഥം പറയാം. സൂക്ഷ്മമായി പരിശോധിച്ചാൽ 'ദീനും' 'ശരീഅത്തും' കേവലം പര്യായപദങ്ങളാണെന്ന ധാരണ ശരിയല്ലെന്ന് മനസ്സിലാക്കാവുന്നതാണ്. മനുഷ്യവർഗത്തിന്റെ ആദ്യപിതാവായ ആദം (അ) മുതൽ, അന്ത്യ പ്രവാചകനായ മുഹമ്മദ് മുസ്തഫാ(സ) വരെയുള്ള എല്ലാ പ്രവാചകന്മാർക്കും അല്ലാഹുവിങ്കൽ നിന്ന് ലഭിച്ച 'ദീൻ' ഒന്നു മാത്രമായിരുന്നു.

വിശുദ്ധ ഖുർആനിൽ പലേടത്തും നബി (സ) യോട് പൂർവ്വിക പ്രവാചകന്മാരുടെ ദീൻ പിന്തുടരുവാൻ ആല്ലാഹു ആജ്ഞാപിക്കുന്നുണ്ട്. നബിക്ക് അവതരിപ്പിച്ചതും അതേ ദീൻതന്നെയായിരുന്നു.

ഈ ഖുർആൻ സൂക്തത്തിൽ നൂഹ്, ഇബ്രാഹീം, മൂസ, ഈസ, മുഹമ്മദ് (സ) എന്നീ പ്രവാചകന്മാർക്ക് അല്ലാഹു വഹ്യ് മൂലം നല്കിയ 'ദീൻ' ഒന്നായിരുന്നുവെന്നും, അതേ ദീനാണ് മനുഷ്യസമുദായത്തിനാകെ അല്ലാഹു നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമായി പ്രസ്താവിക്കുന്നു. ഈ ദീനിനെ നിലനിർത്തുവാനാണ് മുസ്ലിം സമുദായത്തോട് ഖുർആൻ ആഹ്വാനം ചെയ്യുന്നത്.

എല്ലാ പ്രവാചകന്മാരുടെയും ദീൻ ഒന്നായിരുന്നുവെങ്കിലും അവർക്ക് നല്കപ്പെട്ട 'ശരീഅത്ത്' പലപ്പോഴും വ്യത്യസ്തമായിരുന്നു. അതതു കാലദേശത്തിന്നനുസരിച്ചും, ഓരോ ജനവിഭാഗത്തിന്റെയും സാമൂഹികവും ബുദ്ധിപരവുമായ വളർച്ചക്കനുസരിച്ചും അത് മാറിക്കൊണ്ടിരിന്നു. അവസാന പ്രവാചകനായ മുഹമ്മദ് നബി (സ) ക്ക് എന്നെന്നേക്കുമായുള്ള അവസാന ശരീഅത്തും നല്കി. ഇനി മറ്റൊരു ശരീഅത്ത് ഉണ്ടാകുന്നതല്ല. അതുകൊണ്ടു തന്നെ ഈ ശരീഅത്ത് ഇനി പരിവർത്തന വിധേയവുമല്ല. വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു: ''നിങ്ങളിൽ ഓരോരുത്തർക്കും നാം ഒരു നിയമസംഹിതയും, അനുഷ്ഠാന രീതിയും നൽകിയിരിക്കുന്നു.'' ഈ സൂക്തത്തിൽനിന്ന് ശരീഅത്തും (നിയമസംഹിത), മിൻഹാജ്ജും(അനുഷ്ഠാന രീതി) ദീനിൽനിന്ന് വ്യത്യസ്തമാണെന്നും, ദീൻ ശാശ്വതമാണെങ്കിൽ, മിൻഹാജ്ജിലും ശരീഅത്തിലും അല്ലാഹു തന്നെ കാലാനുസാരം മാറ്റങ്ങൾ വരുത്താറുണ്ടെന്നും വ്യക്തമാക്കുന്നു. 'ശരീഅത്തും' 'മിൻഹാജ്ജും' ദീനിൽനിന്ന് ഭിന്നമാണെന്നും, 'ദീൻ' എന്നത് സത്തും, (Sub-

stance) 'മിൻഹാജ്ജ്' , 'ശരീഅത്ത്' എന്നിവ ദീനിൽ അടങ്ങിയിട്ടുള്ള തത്വങ്ങളുടെ പ്രയോഗവൽക്കരണത്തിന്നു വേണ്ടി ദൈവ കല്പിതങ്ങളായ പരിപാടികളും വിശദാംശങ്ങളുമാണെന്നും പ്രസിദ്ധ പണ്ഡിതനായ മൗ. അബ്ദുൾ കലാം ആസാദ് അദ്ദേഹത്തിന്റെ തർജുമാനുൽ ഖുർആനിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പക്ഷെ, മുഹമ്മദ് നബി(സ)യുടെ കാലശേഷം വേറെ മിൻഹാജ്ജും ശരീഅത്തും ഉണ്ടാകുന്നതല്ല. ഇന്ന് നമ്മുടെ കൈവശമുള്ള മിൻഹാജ്ജും ശരീഅത്തും അല്ലാഹു മുഹമ്മദ് നബി(സ) മുഖേന നമുക്ക് നൽകിയതാണ്. നബിക്ക് മുമ്പുണ്ടായിരുന്ന എല്ലാ മിൻഹാജ്ജും, ശരീഅത്തുകളും വിശുദ്ധ ഖുർആന്റെ അവതരണത്തോടുകൂടി ദുർബ്ബലപ്പെട്ടുപോയി. പകരം, മുമ്പത്തെ ദീനോടുകൂടി ഏറ്റവു നവീനമായ മിൻഹാജ്ജും, ശരീഅത്തും നമുക്ക് അന്ത്യപ്രവാചകൻ മുഖേന അല്ലാഹു പൂർത്തിയാക്കി നൽകിയിരിക്കുന്നു. അതിൽ നമുക്കിനി ഭേദഗതിയോ പരിഷ്കരണമോ ആവശ്യമില്ല.

### ഫിഖ്ഹും, ശരീഅത്തും

ഫിഖ്ഹു നിയമങ്ങളെ സാധാരണ "ശരീഅത്ത് നിയമങ്ങൾ" എന്നു വ്യവഹരിക്കാറുണ്ടെങ്കിലും, ഖുർആനിലും സുന്നത്തിലുമുള്ള ഖണ്ഡിത നിയമങ്ങളുടെ വ്യാഖ്യാനത്തെയാണ് ഇവിടെ ഫിഖ്ഹ് നിയമം കൊണ്ട് വിവക്ഷിക്കുന്നത്. ഇസ്ലാമിക ശരീഅത്തിന്റെ അടിസ്ഥാനം വിശുദ്ധഖുർആനും സുന്നത്തുമാണ്. എല്ലാ കാലത്തേക്കും ആവശ്യമായ എല്ലാ നിയമങ്ങളും, പക്ഷെ, അവയിൽ വിവരിച്ചിട്ടില്ല. അതത് കാലത്ത് സമൂഹത്തിന്റെ വളർച്ചക്കനുസരിച്ചു പുതിയ പല പ്രശ്നങ്ങളും പൊന്തിവന്നേക്കാം. അത്തരം സന്ദർഭങ്ങളിൽ അതത് കാലത്തേക്കു ആവശ്യമായ സാഹായക നിയമങ്ങൾ (Subsidiary laws) വിശുദ്ധഖുർആന്റെയും തിരുസുന്നത്തിന്റെയും ചട്ടക്കൂട്ടിൽ നിന്ന് കൊണ്ടുതന്നെ ആവിഷ്കരിക്കേണ്ടതുണ്ട്. ഇത് സമുദായത്തിലെ ഓരോ കാലഘട്ടത്തിലുള്ള മതപണ്ഡിതന്മാരിൽനിന്നുള്ള വിദഗ്ധന്മാർ അവരുടെ മതവിജ്ഞാനവും ലോകപരിചയവും അതത് കാലത്തെ സാമൂഹിക-ശാസ്ത്രീയ പരിവർത്തനങ്ങളും പുരോഗതികളും കണക്കിലെടുത്ത് കൊണ്ട് നിർവഹിക്കേണ്ടതാണ്. സമൂഹത്തിന്റെ പൊതു നന്മയും ആവശ്യങ്ങളും അതിൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. ഈ വസ്തുത എല്ലാ കാലത്തുമുള്ള മതപണ്ഡിതന്മാരും ഇമാമുകളും സമ്മതിച്ചിട്ടുള്ളതാണ്.

മുആദി(റ) നെ യമനിലെ ഗവർണ്ണറായി റസൂൽ തിരുമേനി (സ) നിയമിച്ച സംഭവത്തിൽ നിന്ന് ഈ കാര്യം വ്യക്തമാവുന്നു. യാത്ര പുറപ്പെടുന്ന സമയത്ത് നബിയുടെ ചോദ്യങ്ങൾക്ക് മുആദ് പറഞ്ഞ മറുപടി ഇങ്ങനെ വായിക്കാം: "ഞാൻ വിശുദ്ധ ഖുർആൻ അനുസരിച്ച് കാര്യം തീരുമാനിക്കും. വിശുദ്ധഖുർആൻ ആ കാര്യത്തിൽ വെളിച്ചം തരുന്നില്ലെങ്കിൽ, അല്ലാഹുവിന്റെ പ്രവാചകന്റെ സുന്നത്ത് അനുസരിച്ച് തീരുമാനമെടുക്കും. ഖുർആനിൽനിന്നും തിരുസുന്നത്തിൽനിന്നും വേണ്ട നിർദേശം കിട്ടിയില്ലെങ്കിൽ ഞാൻ എന്റെ സ്വന്തം ബുദ്ധിയും യുക്തിയും ഉപയോഗിച്ചു വിധി കല്പിക്കും." മുആദി(റ) ന്റെ മറുപടി നബി (സ) സസന്തോഷം അംഗീകരിക്കുകയുണ്ടായി. ഈ തത്വം വിശുദ്ധ ഖുർആനിൽതന്നെ പലേടങ്ങളിലും നമുക്ക് കണ്ടെത്തുവാൻ സാധിക്കും. "കാര്യങ്ങളിൽ അവരോട് കൂടിയാലോചിക്കുക" (3:159).

"അവരുടെ കാര്യങ്ങൾ പരസ്പരം കൂടിയാലോചിച്ചിട്ടു പരിഹരിക്കേണ്ടതാണ്" (42:38) എന്നിങ്ങനെയുള്ള വിശുദ്ധ സൂക്തങ്ങൾ ഈ തത്വമാണ് അനാവരണം ചെയ്യുന്നതെന്ന കാര്യത്തിൽ സംശയമില്ല.

സാമൂഹിക നിയമങ്ങളും വ്യക്തി നിയമങ്ങളും അവയുടെ എല്ലാ വിശദാംശങ്ങളോടും കൂടി ഖുർആനിലോ ഹദീസിലോ വന്നിട്ടില്ലെന്നും അങ്ങനെ വരാൻ സാധ്യമല്ലെന്നും പക്ഷെ, ഖുർആനും ഹദീസും അതിന്റെ തത്വങ്ങൾ നമുക്ക് തരുന്നുവെന്നും, ആ തത്വങ്ങളിൽ അടിയുറച്ചു നിന്നുകൊണ്ടും മറ്റു പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടും നമുക്ക് ആവിഷ്കരിക്കുകയാണ് വേണ്ടതെന്നും മേൽ ഉദ്ധരിച്ച പ്രമാണങ്ങൾ നല്ലപോലെ വ്യക്തമാക്കുന്നുണ്ട്.

ഇങ്ങനെ ഗവേഷണം ചെയ്ത് കണ്ടെത്തുന്ന നിയമങ്ങൾ മറ്റുഖണ്ഡിത നിയമങ്ങളെപ്പോലെ എക്കാലത്തും മാറ്റപ്പെടാൻ പാടില്ലാത്തവയാണെന്നു പറയാൻ നിർവാഹമില്ല. എന്നല്ല, മനുഷ്യന്റെ സാമൂഹിക പരിതസ്ഥിതികൾ വ്യത്യാസപ്പെടുമ്പോൾ, ചിലപ്പോൾ അവ അനിവാര്യമായും മാറ്റപ്പെടേണ്ടതായി വന്നേക്കും.

ഇതേപോലെ ശരീഅത്തിന്റെ എല്ലാ നിയമങ്ങളും എല്ലാ പരിതസ്ഥിതികളിലും ഒരുപോലെ പ്രാവർത്തികമാക്കേണ്ടതാണെന്ന് മനസ്സിലാക്കുന്നതും ശരിയല്ല. ചില നിയമങ്ങൾ ഉണ്ടാവാൻ പ്രത്യേകം ചില കാരണങ്ങൾ ഉണ്ടായിരിക്കും. ഈ കാരണങ്ങൾ നിലനിൽക്കുമ്പോൾ മാത്രമെ നിയമത്തിന്ന് പ്രാബല്യമുള്ളൂ. കാരണങ്ങൾ നീങ്ങുമ്പോൾ നിയമവും നീങ്ങിപ്പോവും. ഇത് ആധുനിക നിയമശാസ്ത്രത്തിലെ ഒരു മൗലിക തത്വമാണെന്ന് മാത്രമല്ല, സഹാബിമാർ മുതൽ ഇസ്ലാമിലെ എല്ലാപണ്ഡിതന്മാരും നിദാനശാസ്ത്ര വിശാരദന്മാരും അംഗീകരിച്ചു നടപ്പിൽവരുത്തിയതുമാണ്.

വിശുദ്ധ ഖുർആന്റെ നിയമമനുസരിച്ച് സക്കാത്തിന്റെ അവകാശികളിൽ ഒരു വിഭാഗമാണല്ലോ 'മുഅല്ലഫത്തുൽ ഖുലൂബ് '. റസൂലിന്റെ കാലത്ത് സക്കാത്തിന്റെ ഒരു ഭാഗം അവർക്ക് കൊടുത്തു വന്നിരുന്നു. ശേഷം ഒന്നാം ഖലീഫ അബൂബക്ക(റ) റും ആ നില തുടർന്നുപോന്നു. പക്ഷെ, രണ്ടാം ഖലീഫ ഉമർ(റ) 'മുഅല്ലഫത്തുൽ ഖുലൂബി ' ന്ന് സകാത്തിന്റെ വിഹിതം കൊടുക്കുന്നത് നിർത്തുകയുണ്ടായി. ഇതിന്നു കാരണം, അദ്ദേഹത്തിന്റെ കാലമായപ്പോഴേക്കു മുസ്ലിംകളുടെ നില കൂടുതൽ ഭദ്രമാവുകയും സകാത്തിന്റെ വിഹിതം കൊടുത്ത് ആരെയും ആകർഷിക്കേണ്ട ആവശ്യം ഇല്ലാതെ വരികയും ചെയ്തു എന്നതാണ്. അതുപോലെ നബിയുടെ കാലത്ത് മദ്യപാനത്തിന് ആരും ശിക്ഷിക്കപ്പെട്ടിരുന്നില്ല. അബൂബക്കർ(റ) അതിന്ന് 40 അടി ശിക്ഷ വിധിക്കുകയുണ്ടായി. ഉമർ(റ) ആ ശിക്ഷ 80 അടിയാക്കി വർദ്ധിപ്പിച്ചു. ഇവിടെ നബി നിയമം നിർമ്മിക്കാതെ വിട്ടേടത്ത് അബൂബക്കർ (റ) നിർമ്മിച്ച നിയമത്തെ സാമൂഹ്യ പരിതസ്ഥിതികൾ കണക്കിലെടുത്തുകൊണ്ട് ഉമർ(റ) ഭേദഗതി ചെയ്യുകയുമാണുണ്ടായത്.

റസൂൽ തിരുമേനി യുദ്ധത്തിൽ പിടിക്കപ്പെട്ട തടവുകാരുടെ മോചന സംഖ്യ ഒരു ആൾക്ക് ഒരു ദീനാറാക്കി നിജപ്പെടുത്തിയതിനെ ഉമർ(റ) മാറ്റുകയുണ്ടായി. അദ്ദേഹം രാജ്യത്തിന്റെ വ്യത്യസ്ത ഭാഗക്കാർക്ക് വ്യത്യസ്ത സംഖ്യ നിശ്ചയിച്ചു. യുദ്ധത്തിൽ ജയിച്ച് കീഴടക്കിയ സ്ഥലങ്ങൾ മുസ്ലിം പട്ടാളക്കാർക്ക് വീതിച്ചു കൊടുക്കുകയായിരുന്നു നബി(സ) ചെയ്തിരുന്നത്.

എന്നാൽ ഉമർ(റ) അതിന്നു കൂട്ടാക്കിയില്ല. സമ്പത്ത് ചില വ്യക്തികളിൽ മാത്രം കേന്ദ്രീകരിക്കാതിരിക്കുന്നതിന്ന് വേണ്ടി അദ്ദേഹം അവ താല്ക്കാലികമായി കൈവശക്കാർക്ക് തന്നെ പാട്ടത്തിന്നു കൊടുക്കുകയും ഉടമാവകാശം സ്റ്റേറ്റിൽ നിക്ഷിപ്തമാക്കുകയുമാണ് ചെയ്തത്.

നബി(സ) കടലിൽനിന്നുള്ള ഉൽപന്നങ്ങൾക്ക് സകാത്ത് ചുമത്തിയിരുന്നില്ല. കടലിൽനിന്നു ലഭിക്കുന്ന വിഭവങ്ങൾ അന്ന് ആദായകരമായ ഒരു സമ്പാദനോപാധിയായി വികസിച്ചിരുന്നില്ലെന്നതാണിതിന്നു കാരണം. എന്നാൽ ഉമറിന്റെ കാലത്ത് ആ നിലക്ക് സാരമായ മാറ്റം വന്നു. അതിനാൽ ഉമർ(റ) അവയ്ക്കെല്ലാം സകാത്ത് ചുമത്തി.

വിശുദ്ധഖുർആനിലും ഹദീസിലും അടങ്ങിയിട്ടുള്ളത് "ഇസ്ലാമിക ശരീഅത്തി " ന്റെ അടിസ്ഥാന തത്വങ്ങൾ മാത്രമാണെന്നും, (Basic Principles of law) അവ പരിവർത്തന വിധേയമല്ലെന്നും, അതിൽ നിന്ന് ഗവേഷണം ചെയ്ത് എടുക്കുന്ന പോഷക നിയമങ്ങൾ (Subsidiary laws) കാലഭേദമനുസരിച്ച് മാറാവുന്നതാണെന്നും ഇതിൽനിന്ന് മനസ്സിലാക്കാം. ഇതാണ് ഇജ്തിഹാദിൽ അടങ്ങിയിരിക്കുന്ന തത്വം.

'ഇജ്തിഹാദ്' ചെയ്യാനുള്ള അധികാരവും, അവകാശവും പൂർവ്വികരായ എല്ലാപണ്ഡിതന്മാരും ഇമാമുകളും, അംഗീകരിച്ചതാണ്. ആധുനിക പണ്ഡിതന്മാരും ഇതിന്നപവാദമല്ല. ഇസ്ലാമിക ലോകത്തിലെ പ്രഗത്ഭ ചിന്തകന്മാരും, സാമൂഹ്യ പരിഷ്കർത്താക്കളുമായ സയ്യിദ് ജമാലുദ്ദീൻ അഫ്ഘാനി, ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ്യ, മുഹമ്മദ് അബ്ദു, മുഹമ്മദ് ഇബ്നുഅബ്ദുൽ വഹ്ഹാബ്, ഷാ വലിയുള്ള ദഹ്ലവി, ശൈഖ് അഹ്മദ് സർഹിന്ദി, സയ്യിദ് അമീറലി, ഡോ. മുഹമ്മദ് ഇഖ്ബാൽ തുടങ്ങിയവരെല്ലാം ഓരോ കാലത്തും ഇജ്തിഹാദ് ചെയ്തു, അതതു കാലങ്ങളിലേക്ക് ആവശ്യമായ നിയമങ്ങൾ ആവിഷ്കരിച്ചെടുക്കുന്നതിന്റെ ആവശ്യകത ശക്തിയുക്തം മുസ്ലിം ലോകത്തോട് ഊന്നിപ്പറഞ്ഞിട്ടുണ്ട്.

വിശുദ്ധ ഖുർആന്റെയും, തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ ആവിഷ്കരിക്കപ്പെടുന്ന ഇസ്ലാമിക നിയമസംഹിതയുടെ മേന്മയും ഇന്നാട്ടിലെ മറ്റു വിഭാഗക്കാരുടെ നിയമ സംഹിതകളേക്കാൾ അതിന്നുള്ള മെച്ചവും, പ്രായോഗിക ഗുണങ്ങളും മറ്റുസമുദായക്കാർ മനസ്സിലാക്കി അവരും ആ നിയമസംഹിത സ്വയം അംഗീകരിക്കുന്നത് വരെ, മുസ്ലിംകൾക്ക് അവരുടേതായ ഒരു പ്രത്യേക സിവിൽകോഡ് ഇന്നാട്ടിൽ ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല.

## ശരീഅത്ത് നിയമം ഇന്ത്യയിൽ

1949 ൽ ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ട ശേഷം മുസ്ലിംകൾക്കിടയിലും അമുസ്ലിംകൾക്കിടയിലും ഇന്ത്യയിലെ ''മുസ്ലിം ശരീഅത്ത് നിയമം'' ഒരു സജീവ ചർച്ചാ വിഷയമായി മാറിയിരിക്കുന്നു.മുസ്ലിംകൾക്ക് പ്രത്യേകമായി അനുവദിക്കപ്പെട്ട ശരീഅത്തു നിയമം പാടേ നീക്കം ചെയ്ത്, എല്ലാ പൗരന്മാർക്കും ബാധകമാവുന്ന ഏക സിവിൽ കോഡ് നടപ്പാക്കണമെന്നാണ് ഒരു വിഭാഗം തീവ്രവാദികളുടെ അഭിപ്രായം.ഈ വിഭാഗത്തെ തൽക്കാലം നമുക്കവഗണിക്കാം. എന്നാലും മുസ്ലിംകൾക്കിടയിൽ തന്നെ ഇവ്വിഷയകമായി ഭിന്നാഭിപ്രായങ്ങൾ നിലവിലുണ്ട്.ഒരു വിഭാഗം 'ശരീഅത്ത് നിയമം' പാടെ മാറ്റണമെന്നാണഭിപ്രായപ്പെടുന്നതെങ്കിൽ മറ്റൊരു വിഭാഗം ഭാഗികമായ ഭേദഗതികൾ വരുത്തണമെന്ന പക്ഷക്കാരാണ്. എന്നാൽ നിലവിലുള്ള 'ശരീഅത്ത് നിയമ'ത്തിൽ ഒരു ഭേദഗതിയും വരുത്തുന്നത് മതനിയമങ്ങളിലുള്ള കൈകടത്തലാണെന്നും ശക്തിയായി വാദിക്കുന്ന മറ്റൊരു വിഭാഗവും സജീവമായിതന്നെ രംഗത്തുണ്ട്. പക്ഷെ, ശരീഅത്ത് നിയമത്തിന് ഭേദഗതി വേണമെന്നോ, വേണ്ടെന്നോ, പാടില്ലെന്നോ പറയുന്നവരാരും തന്നെ എന്താണ് 'ശരീഅത്ത് നിയമങ്ങൾ ' എന്നതുകൊണ്ടു അവർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാറില്ല. അതിനാൽ 'ശരീഅത്ത് നിയമം' എന്നതിന്റെ പേരിൽ ഇവിടെ നടക്കുന്നത് ഒരു നിഴൽ യുദ്ധം മാത്രമാണെന്ന് പറഞ്ഞാൽ അത് തികച്ചും സത്യമായിരിക്കും.

വിശുദ്ധ ഖുർആനും, തിരുസുന്നത്തും ഉൾക്കൊള്ളുന്ന ഇസ്ലാമിക നിമയസംഹിതയുടെ മൗലിക തത്വങ്ങൾ (Basic principles of Islamic jurisprudence) ആണ് ഇവർ 'ശരീഅത്ത് നിയമം' എന്നതുകൊണ്ടുദ്ദേശിക്കുന്നതെങ്കിൽ, ആ ശരീഅത്ത് നിയമം ഭേദഗതി ചെയ്യാൻ പാടില്ല എന്നാണ് നമുക്ക് പറയുവാനുള്ളത്. കാരണം, മുമ്പ് വിവരിച്ച പോലെ ഖുർആനിലെയും, ഹദീസിലെയും ഖണ്ഡിത നിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നത് മുസ്ലിംകളുടെ നിർബന്ധകടമയാണ്. ആ നിയമങ്ങൾ ഭേദഗതി ചെയ്യണമെന്ന് പറഞ്ഞാൽ, വിശുദ്ധ ഖുർആൻ തന്നെ മാറ്റി മറിക്കണം എന്നു പറയുന്നതിന്നു തുല്യമായിരിക്കും അത്. യഥാർഥ മുസ്ലിംകളാരും ബോധപൂർവ്വം അങ്ങനെ പറയുകയില്ല. എന്നാൽ വിശുദ്ധ ഖുർആന്റെയും, തിരുസുന്നത്തിന്റെയും അടിസ്ഥാനത്തിൽ ഹിജ്റ 3-ാം നൂറ്റാണ്ടിലോ, അതിന്നുശേഷമോ 'ഇജ്തിഹാദ്' ചെയ്തു കണ്ടുപിടിച്ച 'ഫിഖ്ഹ്' (കർമ്മശാസ്ത്രം) നിയമങ്ങളെയാണ്, 'ശരീഅത്ത് നിയമം' കൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ, ആ നിയമ സംഹിതയിൽ, കാലത്തിന്നും ദേശത്തിന്നും അനുസരിച്ചും, ആധുനിക ശാസ്ത്രീയ പുരോഗതിയും, ഇന്നത്തെ സാമൂഹ്യ നിലവാരവും കണക്കിലെടുത്തുകൊണ്ടും, പൊതുനന്മയെ ഉന്നം വെച്ചുകൊണ്ടും പല ഭേദഗതികളും വരുത്തേണ്ടത് അനിവാര്യമാണ്. മുസ്ലിംകളുടെ ബുദ്ധി ഹിജ്റ 3-ാം നൂറ്റാണ്ടിന്റെയോ, 4-ാം നൂറ്റാണ്ടിന്റെയോ ശേഷം പ്രവർത്തിക്കുവാൻ പാടില്ലെന്നും, 'ഇജ്തിഹാദ്' ഹിജ്റ 3-ാം നൂറ്റാണ്ടിനുശേഷം നിഷിദ്ധമാണെന്നും, അതിന് ശേഷം 'തഖ്ലീദ്' (അന്ധമായ അനുകരണം) മാത്രമെ പാടുള്ളുവെന്നും വാദിക്കുന്ന ചിലരുണ്ട്. ഈ വാദം ഖുർആന്റെയും തിരുസുന്നത്തിന്റെയും യഥാർഥ സ്പിരിറ്റിന്നു യോജിക്കാത്തതും, മുൻഗാമികളായ പണ്ഡിതന്മാരുടെ ഉപദേശങ്ങൾക്ക് വിരുദ്ധവുമാണ്. മുസ്ലിംകളുടെ ഇന്നേവരെയുള്ള അധഃപതനത്തിന്റെ കാരണവും മറ്റൊന്നല്ല. നമ്മുടെ 'ഫിഖ്ഹ്' നിർമ്മിച്ച പണ്ഡിതന്മാർ അവരുടെ കാലത്തിനൊത്ത്, അന്നുവരെ ഉണ്ടായിട്ടുള്ള സാമൂഹിക ശാസ്ത്രീയ പുരോഗതികൾ കണക്കിലെടുത്തുകൊണ്ട് ആവിഷ്കരിച്ച നിയമസംഹിത അന്നത്തെ മുസ്ലിം സമുദായത്തിന്റെ മുമ്പിൽ വെയ്ക്കുകയാണ് ചെയ്തത്. കാലത്തിനനുസരിച്ച് അതിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും, അവരുടെ അഭിപ്രായങ്ങൾ അന്തിമമല്ലെന്നും അവർതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്. ഇമാം ശാഫിഇയുടെ 'കിതാബുൽ ഉമ്മി' ന്റെ മുഖവുരതന്നെ ഇതിന്ന് മതിയായ തെളിവാണ്. ഈ 'ഫിഖ്ഹ്' നിയമങ്ങളാണ് 'ശരീഅത്ത് നിയമം' എന്നതു കൊണ്ട് വിവക്ഷിക്കുന്നതെങ്കിൽ, ആ

ശരീഅത്ത് നിയമം വിശുദ്ധ ഖുർആന്റെയും, തിരുസുന്നത്തിന്റെയും ചട്ടക്കൂട്ടിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ, ആധുനിക ശാസ്ത്രീയ പുരോഗതിയുടെയും, ഇന്നത്തെ സാമൂഹിക പരിതസ്ഥിതിയുടെയും, അനുഭവങ്ങളുടെയും വെളിച്ചത്തിൽ, പുനഃപരിശോധന ചെയ്യേണ്ടതും, ആവശ്യമായ ഭേദഗതികൾ വരുത്തേണ്ടതും ആധുനിക മുസ്‌ലിം സമുദായത്തിന്റെ തന്നെ ആവശ്യമാണ്.

ഇന്ന് ഇന്ത്യയിൽ മുഹമ്മദൻ ലോ (Mohammedan law) എന്ന പേരിൽ അറിയപ്പെടുന്ന നിയമം ആണ് 'ശരീഅത്ത് നിയമം' എന്നതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ, അതും ഭേദഗതി ചെയ്യുകതന്നെ വേണം. കാരണം, ഇന്ന് ഇന്ത്യയിൽ 'മുഹമ്മദൻ ലോ' എന്ന പേരിൽ അറിയപ്പെടുന്ന മുസ്‌ലിം വ്യക്തി നിയമം (personal law) പത്തും, പതിനൊന്നും നൂറ്റാണ്ടുകൾക്കു മുമ്പ് അന്നത്തെ കാലഘട്ടത്തിനനുസരിച്ച്, അന്നത്തെ സമൂഹത്തിന്നും വേണ്ടിതയാറാക്കിയ ഫിഖ്ഹിന്റെ അൽപരം ഭാഗങ്ങളും, അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള കുറേ കോടതി വിധികളും അടങ്ങിയ ഒരു അവിയലാണ്. ഇജ്തിഹാദിന്റെ കവാടം അടഞ്ഞിട്ടില്ലെന്നും, ഏത് കാലഘട്ടത്തിലും ഇജ്തിഹാദിന്ന് അധികാരവും അവകാശവും ഉണ്ടെന്ന് മാത്രമല്ല, അത് അതത് കാലത്തെ മതപണ്ഡിതന്മാർക്ക് നിർബന്ധം കൂടിയാണെന്നും അംഗീകരിക്കുന്നവർ, ഇന്ന് മുസ്‌ലിംകൾക്കിടയിൽ പ്രചാരത്തിലുള്ള 'ഫിഖ്ഹ്' നിയമങ്ങൾ വേദവാക്യ സമാനങ്ങളല്ലെന്നും അതിന്റെ അടിസ്ഥാനത്തിലുള്ള മുഹമ്മദൻ ലോ എന്ന മുസ്‌ലിം വ്യക്തിനിയമം ഭേദഗതികൾക്ക് വിധേയമാക്കേണ്ടതാണെന്നും സമ്മതിക്കാതെ നിർവ്വാഹമില്ല.

ഇന്ന് 'മുഹമ്മദൻ ലോ' എന്ന പേരിലറിയപ്പെടുന്ന ഇന്ത്യൻ മുസ്‌ലിംകളുടെ വ്യക്തിനിയമത്തെക്കുറിച്ചു സാമാന്യ പരിജ്ഞാനവും കൂടി ഇല്ലാതെയാണ് പലരും അതെപ്പറ്റി അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നത്.

എന്താണീ 'ശരീഅത്ത് നിയമം?' ഇന്ത്യയിലെ ശരീഅത്ത് നിയമം, 1937ലെ 'ശരീഅത്ത് ആക്ട്' എന്ന പേരിൽ അറിയപ്പെടുന്ന The Muslim Personal law (sheriat) Application Act, 1937, 1939 ലെ മുസ്‌ലിം വിവാഹമോചന ആക്ട്, 1954ലെ വഖ്ഫ് ആക്ട് എന്നീ മൂന്നു കേന്ദ്ര ആക്ടുകളിൽ അധിഷ്ഠിതമാണ്.

ഈ മൂന്നു ആക്ടുകളും, അവയിലെ വകുപ്പുകളുടെ നടപടി ക്രമം അനുസരിച്ച് ഇന്ത്യൻ നിയമ കോടതികളാൽ വിധിക്കപ്പെടുന്ന വിധികളും, പോരാതെ വരുന്നതായാൽ, കാലഹരണപ്പെട്ട പഴയ ഫിഖ്ഹിന്റെ ചില ഭാഗങ്ങളും ഇന്ത്യയിലെ ശരീഅത്ത് നിയമത്തിൽ ഉൾപ്പെടും. കോടതിവിധികൾ പഴയ ഫിഖ്ഹ് നിയമം അനുസരിച്ചാണ് വിധിക്കപ്പെടുന്നത് എന്നാണ് വെപ്പെങ്കിലും, പലപ്പോഴും ആ വിധികളും, പഴയ ഫിഖ്ഹ് നിയമവും തമ്മിൽ ഒരു ബന്ധവും ഉണ്ടാവില്ലെന്നു മാത്രമല്ല, ചിലപ്പോൾ പരസ്പര വിരുദ്ധങ്ങൾകൂടിയായിരിക്കും. എന്നാലും അത് ശരീഅത്ത് നിയമം തന്നെ. ഈ ശരീഅത്ത് നിയമം ഭേദഗതിക്ക് വിധേയമാക്കണമോ, വേണ്ടയോ എന്നതാണ് പ്രശ്നം.

### ഭേദഗതി വേണം

മേലുദ്ധരിച്ച കാര്യങ്ങളുടെ വെളിച്ചത്തിൽ, ഇന്ത്യയിലെ ശരീഅത്ത് നിയമം ഭേദഗതി ചെയ്യേണ്ടതാണെന്ന് പറയാതെ നിവൃത്തിയില്ല.

1937ലെ ശരീഅത്ത് ആക്ട് 6വകുപ്പുകൾ മാത്രം അടങ്ങിയ ചെറിയ ഒരു ആക്ട് ആണ്. ഈ ആക്ട് ബാധകമാക്കുന്നതിന്നു വേണ്ടിയുള്ള പ്രഖ്യാപനത്തെക്കുറിച്ചു പറയുന്നു. 4 ാം വകുപ്പ്, ആക്ടിനു വേണ്ടിയുള്ള റൂളുകൾ ഉണ്ടാക്കുവാൻ സ്റ്റേറ്റ് ഗവൺമെന്റിന് അധികാരം കൊടുക്കുന്നതാണ്. വിവാഹമോചനത്തെക്കുറിച്ചാണ് 5 ാം വകുപ്പ്. (ഈ വകുപ്പ്, 1939 ലെ മുസ്‌ലിം വിവാഹമോചന ആക്ട് പാസ്സാക്കിയതോടെ ദുർബലപ്പെട്ടിരിക്കുന്നു.), 6 ാം വകുപ്പ്, ഈ ആക്ട് പാസ്സായതോടുകൂടി, ബോംബെ, പഞ്ചാബ് എന്നിവിടങ്ങളിലെ ചില 'റഗുലേഷനുകൾ' ദുർബലപ്പെട്ടു എന്നു കാണിക്കുന്നതുമാണ്. 2 ാം വകുപ്പ് മാത്രമാണ് ഈ ശരീഅത്ത് ആക്ടിൽ പ്രധാനമായത്. ഈ രണ്ടാം വകുപ്പിൽതന്നെ, അനന്തിരാവകാശം, വിവാഹം, ഈലാ, സിഹാർ, ലിആൻ, ഖുലാ, മുബാറആത്ത്, വിവാഹമോചനം, ചെലവിന്ന് കൊടുക്കൽ, മഹ്റ്, രക്ഷാകർത്തൃത്വം, ദാനം, വഖ്ഫ് എന്നീ കാര്യങ്ങളെ സംബന്ധിച്ചുള്ള കേസുകളിൽ കക്ഷികൾ മുസ്‌ലിംകളായാൽ 'മുസ്‌ലിം വ്യക്തിനിയമം' (ശരീഅത്ത് നിയമം) പാലിക്കപ്പെടും എന്ന ഒരു പൊതുതത്വം മാത്രമേയുള്ളൂ. വിശദവിവരങ്ങൾ ഈ ആക്ടിൽ ഇല്ല. മറിച്ച് മുമ്പ് പറഞ്ഞ ഫിഖ്ഹു നിയമങ്ങളെയും കോടതികളിലെ ന്യായാധിപന്മാർ അഭിഭാഷകരുടെ വാഗ്വാദങ്ങളിൽനിന്നും മറ്റും മനസ്സിലാക്കിയതിനെ അടിസ്ഥാനപ്പെടുത്തി വിധി കല്പിച്ച കുറെ വിധികളെയുമാണ് അതിന് അവലംബമാക്കേണ്ടത്. ഈ ശരീഅത്തിൽനിന്ന് മുസ്‌ലിംകളെ മോചിപ്പിക്കണമെന്ന് പറയുന്നത് ഇസ്‌ലാമിന്ന് വിരുദ്ധമാണോ? ഖുർആന്ന് വിരുദ്ധമാണോ?മതത്തിൽ കൈ കടത്തലാണോ?

"അഹമ്മദികൾ മുസ്‌ലിംകൾ തന്നെയാണ്" എന്ന് 1921 ൽ ബഹുമാനപ്പെട്ട മദിരാശി ഹൈക്കോടതിയിലെ ഒരു യൂറോപ്യൻ ജഡ്ജിയും, ഒരു ഹിന്ദു ജഡ്ജിയും കൂടി വിധിച്ചതിനാൽ ഭൂരിപക്ഷം മുസ്‌ലിംകൾ അംഗീകരിച്ചില്ലെങ്കിലും ഇന്നത് ശരീഅത്ത് നിയമമാണ്. അമുസ്‌ലിംകളായ ഭാര്യാഭർത്താക്കന്മാരിൽ ഭാര്യ ഇസ്‌ലാമിനെ ആശ്ലേഷിക്കുകയാണെങ്കിൽ ആ കാരണം കൊണ്ട് അമുസ്‌ലിമായ ഭർത്താവിൽനിന്ന് വിവാഹമോചനം അവൾക്ക് ലഭിക്കുകയില്ലെന്നും, നേരെ മറിച്ച് മുസ്‌ലിമായ അവൾ ഒരു അമുസ്‌ലിമിന്റെ കൂടെ അവളുടെ ആദർശത്തിന്നും, ഹിതത്തിന്നും എതിരായി, കഴിഞ്ഞുകൂടണമെന്നും നിർബന്ധിക്കുന്ന നിയമം നമ്മുടെ "ശരീഅത്ത് നിയമ" ത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഈ നിയമങ്ങളെല്ലാം യഥാർഥ ഇസ്‌ലാമിക നിയമങ്ങളനുസരിച്ച് ഭേദഗതി ചെയ്യണമെന്നു ഇസ്‌ലാമിൽ വിശ്വാസമുള്ള ഏതൊരു മുസ്‌ലിമാണ് വാദിക്കാത്തത്? ഇതുപോലെ പ്രഥമ ദൃഷ്ടിയിൽ തന്നെ, ഖുർആന്നും തിരുസുന്നത്തിനും എതിരാണെന്നു ആർക്കും മനസ്സിലാകുന്ന എത്രയോ വിധികളും, നിയമങ്ങളും നമ്മുടെ 'ശരീഅത്ത് നിയമം' എന്നു പറയുന്നതിൽ പെട്ടുപോയിട്ടുണ്ട്. കൂടുതൽ ഉദാഹരണങ്ങൾ ലേഖന ദൈർഘ്യം ഭയന്നു തൽക്കാലം കാണിക്കുന്നില്ല.

### ഭേദഗതി എവിടെ? എങ്ങനെ?

ഇനി നമുക്ക് ഇന്ത്യൻ 'ശരീഅത്ത് നിയമ' ത്തിൽ എവിടെ ഏതു അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യണമെന്ന് പരിശോധിച്ചു നോക്കാം.

ആദ്യം 'വിവാഹം' തന്നെ എടുക്കാം. മുസ്‌ലിമായ ഏതൊരാൾക്കും, ഒരു പരിതസ്ഥിതിയും പരിഗണിക്കാതെ ഒരേ സമയം നാലു ഭാര്യമാരെ വിവാഹം ചെയ്യുവാൻ ഇസ്‌ലാം അനുവദിക്കുന്നുണ്ട്എന്നാണ് ഇന്ന് മുസ്‌ലിംകളിൽ അധികപേരും മനസ്സിലാക്കിയിട്ടുള്ളതെന്ന്

തോന്നുന്നു. ഇന്നത്തെ നമ്മുടെ ശരീഅത്ത് നിയമപ്രകാരം അത് ശരിയുമാണ്. പക്ഷെ വിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും അന്തർലീനമായ തത്വത്തിന്നും ഇസ്ലാമിന്റെ പൊതുനിയമത്തിന്നും അത് എതിരാണ്. ഇസ്ലാമിന്റെ വീക്ഷണത്തിൽ, ഏക ഭാര്യാവ്രതം പൊതുതത്വവും(General rule)ബഹുഭാര്യത്വം ആ പൊതുതത്വത്തിന്നു അപവാദവും(Exception)ആണ്. ഒന്നിലധികം ഭാര്യമാരെ കല്യാണം കഴിക്കുന്നത്, വ്യക്തമായ ഉപാധികളോടുകൂടിയാണ് വിശുദ്ധ ഖുർആൻ അനുവദിച്ചിട്ടുള്ളത്. ഒന്നിലധികം ഭാര്യമാർ ഒരാൾക്കുണ്ടായാൽ അവൻ അവർക്കെല്ലാം തുല്യമായ വിധത്തിൽ ചെലവിന് കൊടുക്കുകയും, തുല്യമായ വിധത്തിൽ പെരുമാറുകയും വേണമെന്നും, അവർക്കിടയിൽ യാതൊരു വിധത്തിലും പക്ഷപാതം കാണിക്കാൻ പാടുള്ളതല്ലെന്നും ഖുർആൻ കല്പിക്കുന്നു. സാധാരണ മനുഷ്യർക്ക് അനായാസേന സാധിക്കാത്ത ഇത്തരം ഉപാധികൾ വിശുദ്ധ ഖുർആൻ ചുമത്തിയത്, ബഹുഭാര്യത്വത്തെ നിരുത്സാഹപ്പെടുത്തുവാൻ വേണ്ടിയാണ്. പക്ഷെ ചില സന്ദർഭങ്ങളിൽ ബഹുഭാര്യത്വം അംഗീകരിക്കേണ്ടതായി വരും. അതിനാൽ ബഹുഭാര്യത്വത്തെ പാടേ നിയമംമൂലം വിരോധിക്കുന്നത്, സമുദായത്തിൽ കൂടുതൽ കുഴപ്പങ്ങൾ വർധിക്കുവാനും വിഷമം പിടിച്ച സാമൂഹ്യ പ്രശ്നങ്ങൾ തലപൊക്കുവാനും ഇടയാക്കിതീർക്കും. അതിനാൽ ബഹുഭാര്യത്വത്തെ പാടേ നിരോധിക്കാതെ കഴിയുന്ന വിധത്തിൽ അതിനെ നിരുത്സാഹപ്പെടുത്തുവാനും, നിയന്ത്രിക്കുവാനും ഉതകുന്ന നിയമം നടപ്പിൽ വരുത്തേണ്ടത് അത്യാവശ്യമാണ്. ഈ വിധത്തിലുള്ള നിയന്ത്രണം നമ്മുടെ അയൽ രാജ്യമായ പാക്കിസ്ഥാനിൽ 1961 ലെ ഒരു ഓർഡിനൻസ് നടപ്പാക്കിയിട്ടുണ്ട്.(The Muslim Family Laws ordinance, 1961) എല്ലാ മുസ്ലിം വിവാഹവും ഗവൺമെന്റ് നിയമപ്രകാരം ഗവർമ്മെണ്ടു നിയമിക്കുന്ന ഒരു ഉദ്യോഗസ്ഥന്റെ മുമ്പാകെ വെച്ച് റജിസ്ത്ര് ചെയ്യേണ്ടതാണെന്നും, ഒരു ഭാര്യ ജീവിച്ചിരിക്കുമ്പോൾ രണ്ടാമതും കല്യാണം കഴിക്കുന്നതിന്ന് ഗവർമ്മെന്റ് നിയമിക്കുന്ന ഒരു ആർബിട്രേഷൻ കൗൺസിലി (Arbitration Council)ന്റെ അനുവാദത്തോടുകൂടിയാവാനേ പാടുള്ളുവെന്നും, നിലവിലുള്ള ഭാര്യയുടെ വാദവും, ഭർത്താവിന്റെ വാദവും കേട്ട ശേഷവും കൗൺസിലിന്ന് തൃപ്തിയായാൽ മാത്രമേ, അത്തരം രണ്ടാം വിവാഹത്തിന്ന് അനുവാദം നൽകുവാൻ പാടുള്ളുവെന്നും അനുശാസിക്കുന്ന നിയമം നമ്മുടെ ശരീഅത്ത് നിയമത്തിൽ ഉൾക്കൊള്ളിച്ചാൽ, അത് സമുദായത്തിന്ന് ക്ഷേമകരമായിരിക്കും. എന്നു മാത്രമല്ല, വിശുദ്ധ ഖുർആന്റെയും, തിരുസുന്നത്തിന്റെയും 'സ്പിരിറ്റി' ന്ന് കൂടുതൽ അനുയോജ്യവുമായിരിക്കും.

ഇത്പോലെ 'ത്വലാഖി' ന്റെ കാര്യത്തിലും ചില നിയന്ത്രണങ്ങൾ ആവശ്യമാണ്. "അനുവദനീയമായ കാര്യങ്ങളിൽ ഏറ്റവും അധികം വെറുക്കപ്പെട്ടതാണ് ത്വലാഖ് " എന്നാണ് നബി(സ) പഠിപ്പിക്കുന്നത്. ഒന്നും ആലോചിക്കാതെ കണ്ണിൽ കാണുന്ന ഒരുപെണ്ണിനെ വിവാഹം ചെയ്യുക, അവളുടെ കൂടെ കുറച്ചുകാലം താമസിച്ചശേഷം അവളെ ത്വലാഖ് ചൊല്ലുക. അവളെയും കുട്ടികളെയും പെരുവഴിയിൽ ആക്കിയ ശേഷം മറ്റൊരു സ്ത്രീയെ വിവാഹം ചെയ്യുക. ഇതാണ് ഇന്ന് ഏറെക്കുറെ മുസ്ലിംകൾക്കിടയിൽ കാണപ്പെടുന്നത്. ഇതിന്റെ ഫലമായി സ്ത്രീകളുടെ ജീവിതം തന്നെ നഷ്ടപ്പെടുകയും, അനാഥകൾക്ക് തുല്യരായ സന്താനങ്ങൾ സമുദായത്തിൽ വർദ്ധിക്കുകയും ചെയ്യുന്നു. ഈ ദുഷിച്ച സമ്പ്രദായം അവസാനിക്കണം. ത്വലാഖിന്നു തക്ക നിയന്ത്രണം വെക്കുന്നതായാൽ സാമൂഹ്യനാശങ്ങളിൽനിന്ന് വലിയ ഒരളവോളം സമുദായത്തെ രക്ഷപ്പെടുത്താൻ സാധിക്കുന്നതാണ്. ത്വലാഖിന്ന് മുമ്പായി അവരെ ഇണക്കുവാൻ വിശുദ്ധ ഖുർആൻ കല്പിച്ച എല്ലാ പരിശ്രമങ്ങളും ചെയ്തു നോക്കേണ്ടതുണ്ട്. ആ പരിശ്രമങ്ങൾ പരാജയപ്പെട്ടാൽ മാത്രമെ ത്വലാഖ് ചൊല്ലുവാൻ പാടുള്ളുവെന്ന നിബന്ധനയോടുകൂടിയ നിയമം നമ്മുടെ ശരീഅത്ത് നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതായത്, പാക്കിസ്ഥാനിലെ The Muslim Family laws Ordinance, 1961 ലെ 7-ാം വകുപ്പിൽ ഉള്ളതുപോലെ നിയന്ത്രണം നമുക്കും ആവശ്യമാണ്. ഈ വിധത്തിലുള്ള നിയന്ത്രണം വിശുദ്ധ ഖുർആന്നനുകൂലമല്ലാതെ ഒരിക്കലും എതിരാവുന്നില്ല. അതേപോലെ മൂന്നു ത്വലാഖ് ഒന്നായി ചൊല്ലുന്നതായാൽ അത് ഒറ്റ ത്വലാഖായി കണക്കാക്കേണ്ടതാണ്. അങ്ങനെ മൂന്ന് ത്വലാഖ് ഒന്നായി ചൊല്ലിയ ഒരാൾക്ക് ഭാര്യയെ രണ്ടാമതും സ്വീകരിക്കണമെങ്കിൽ, വേറൊരാൾ കല്യാണം കഴിച്ചു അയാൾ ത്വലാഖ് ചൊല്ലിയ ശേഷമേ ആകാവൂ എന്ന നിബന്ധന കൂടാതെ തന്നെ ചെയ്യാമെന്നും നമ്മുടെ ശരീഅത്ത് നിയമത്തിൽ ഭേദഗതി വരുത്തേണ്ടതാണ്. ബഹുഭാര്യത്വം, ത്വലാഖ് എന്നിവയെ സംബന്ധിച്ച് മേൽ പ്രസ്താവിച്ചപോലെ നമ്മുടെ ശരീഅത്ത് നിയമത്തിൽ ഭേദഗതി വരുത്തിയാൽ അത് മുസ്ലിം സമുദായത്തിലെ കുടുംബ സംവിധാനത്തെ കൂടുതൽ ഭദ്രമാക്കുക മാത്രമെ ചെയ്യുകയുള്ളൂ.

മൂന്നാമതായി ഭേദഗതി വരുത്തേണ്ട വിഷയം 'മഹ്റ്' ആണ്. ഒരു സ്ത്രീക്ക് അവളുടെ വിവാഹ സമയത്ത് ഭർത്താവിൽനിന്ന് മഹ്റ് കിട്ടുവാൻ അവകാശമുണ്ട്. ഇത് ഇസ്ലാമിക പിന്തുടർച്ചാവകാശ നിയമങ്ങളിൽ സ്ത്രീക്ക് പുരുഷന്റെ പകുതിയോഹരിയാക്കുവാനുള്ള കാരണങ്ങളിൽ ഒന്നാണ്. എന്നിരിക്കെ മഹ്റ് ഒരു ചെമ്പുകാശോ, വെള്ളിക്കാശോ ആക്കുക എന്നത് തീരെ തെറ്റാണ്. സ്ത്രീയുടെയും പുരുഷന്റെയും സാമ്പത്തിക സ്ഥിതിയും മറ്റു സാഹചര്യങ്ങളും കണക്കിലെടുത്ത് അതിന്നനുസരിച്ച് ഒരു ക്ലിപ്ത സംഖ്യ സ്ത്രീക്ക് മഹ്റായി പുരുഷൻ നൽകണമെന്ന ഭേദഗതി ശരീഅത്ത് നിയമത്തിൽ ആവശ്യമാണ്. ഇങ്ങനെ മഹ്റു സംഖ്യ വർദ്ധിപ്പിക്കുന്നത്, ബഹുഭാര്യത്വത്തെ നിരുത്സാഹപ്പെടുത്തുവാനും വിവാഹമോചനത്തെ നിയന്ത്രിക്കുവാനും ഉപകരിച്ചേക്കും.

എന്നാൽ ചിലർ വാദിക്കുന്നപോലെ നിലവിലുള്ള പിന്തുടർച്ചാവകാശനിയമത്തിൽ ഒരു ഭേദഗതിയും ആവശ്യമില്ല. വല്ല ഭേദഗതിയും വരുത്തുകയാണെങ്കിൽ വിശോത്തരമായ ആദായക്രയ വ്യവസ്ഥ അടിമുടി ഇളകിപ്പോകും. അതാവട്ടെ ഗുണത്തേക്കാളേറെ ദോഷമേ വരുത്തിവെക്കുകയുള്ളൂ.

ഈ ഭേദഗതികൾ എങ്ങനെ പ്രയോഗവൽക്കരിക്കാമെന്നതാണ് മറ്റൊരു പ്രശ്നം. ഇതിന്ന് ഏറ്റവും എളുപ്പവഴി, നിലവിലുള്ള ശരീഅത്ത് ആക്ടിലെ 2-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള വിവാഹം, ത്വലാഖ്, വിവാഹ മോചനം, മഹ്റ്, ദാനം, വഖ്ഫ്, അനന്തിരാവകാശം മുതലായ വിഷയങ്ങളെ ആവശ്യമായ വിശദാംശങ്ങളോടുകൂടി ക്രോഡീകരിക്കുകയാണ്. ഈ വിധത്തിൽ ശരീഅത്ത്

നിയമം ക്രോഡീകരിക്കാത്ത കാലത്തോളം അവയെസംബന്ധിച്ച് ബഹുജനങ്ങളുടെ ഇടയിൽ ആശയക്കുഴപ്പം വർദ്ധിക്കുകയും, തന്മൂലം അത് കൂടുതൽ വിഷമമേറിയ പ്രശ്നങ്ങൾക്ക് വഴി വെക്കുകയും ചെയ്യുന്നതാണ്. ഒരു 'ആക്ട്' വായിച്ചാൽ, ഇന്നിന്നവയാണ് നിയമങ്ങൾ എന്ന് ഒറ്റനോട്ടത്തിൽ ഗ്രഹിക്കാൻ കഴിയണം. ഇല്ലെങ്കിൽ, നിയമം അറിയുവാൻ പലയിടത്തും പരതി നടക്കേണ്ടി വരും. 1956ലെ ഹിന്ദു പിന്തുടർച്ചാവകാശ നിയമം (Hindu Succession Act. 1956) പാസാക്കുന്നതിന്നു മുമ്പ് ഹൈന്ദവ നിയമത്തിന്റെയും സ്ഥിതി ഇതുതന്നെയായിരുന്നു. ഇപ്പോൾ അവരുടെ നിയമം ക്രോഡീകരിച്ചതുകൊണ്ട് ഒട്ടും ആശയക്കുഴപ്പം കൂടാതെ, വ്യത്തിയായി നിയമത്തിന്റെ നിബന്ധനകൾ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാവുന്നതാണ്. മാത്രമല്ല, ഹൈന്ദവ മതത്തിന്റെ വിവിധ ശാഖകളെയും ഹൈന്ദവ നിയമം പിന്തുടരാതെ മരുമക്കത്തായം, അളിയസന്താന നിയമം മുതലായ Customary laws പിന്തുടരുന്ന ഹിന്ദുക്കളെയും ഒന്നിപ്പിക്കുവാൻ അതുവഴി സാധിച്ചു. നമ്മുടെ ശരീഅത്ത് നിയമവും ഇത്തരത്തിൽ ക്രോഡീകരിക്കുന്നതായാൽ സുന്നി, ഷിയാ വിഭാഗക്കാരെയും ഇന്നും 'ഇസ്ലാമിക നിയമം' പിന്തുടരാതെ Customary laws പിന്തുടർന്നു വരുന്ന മറ്റു മുസ്ലിംകളെയും ഒന്നിപ്പിക്കുവാൻ സാധിക്കും.

ഈ വിധത്തിൽ ശരീഅത്ത് നിയമം ക്രോഡീകരിക്കുവാൻ ഇന്ത്യാ ഗവൺമെന്റിനോടൊപ്പം നമ്മുടെ സമുദായ നേതാക്കളും, ഇന്ത്യൻ പാർലമെണ്ടിലെ മുസ്ലിം അംഗങ്ങളും മുൻകൈ എടുത്തു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നിയമത്തിന്റെ വിശദരൂപം, ആധുനിക വീക്ഷണവും ലോകപരിചയവും മതഭക്തിയുള്ള എല്ലാ വിഭാഗത്തിലും ഉള്ള മുസ്ലിം മതപണ്ഡിതന്മാരുടെ ഒരു കൗൺസിൽ ആലോചിച്ച് എഴുതി പൂർത്തിയാക്കുകയും അത് ഇന്ത്യൻ പാർലമെന്റിൽ പാസാക്കി എടുക്കുകയുമാണ് വേണ്ടത്. നമ്മുടെ ശരീഅത്ത് നിയമത്തെ വിശുദ്ധ ഖുർആനോടും തിരുസുന്നത്തിനോടും കൂടുതൽ അടുപ്പിക്കുവാൻ ഇത്തരത്തിലുള്ള ഒരു പ്രവർത്തനം വളരെയേറെ ഉപകരിക്കുമെന്നതിന് സംശയമില്ല. ഈ വിഷയത്തിൽ നമ്മുടെ സമുദായ നേതാക്കൾ ശ്രദ്ധിക്കുമെന്ന് നാം ആശിക്കുക.

●